**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

Date : 25.11.2017

<u>പ്രസിദ്ധീകരണത്തിന്</u>

## ജൈവകൃഷി വ്യാപനം പ്രോത്സാഹിപ്പിക്കണം : ടിക്കാറാം മീണ, ഐ.എ.എസ്.

കാർഷിക വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ ജൈവകൃഷി വ്യാപനത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ടിക്കാറാം മീണ, ഐ.എ.എസ്. പറഞ്ഞു. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിലൊന്നായ കൃഷി വികസന ഉപമിഷന്റെ **'സുജലം സുഫലം'** ദൗത്യവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ഗവ. ഗസ്റ്റ് ഹൗസിൽ സംഘടിപ്പിച്ച കൃഷി മാർഗ്ഗരേഖ ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂട്ടായ പരിശ്രമങ്ങളിലൂടെ വിഷ രഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കണമെന്നും ഇതിന്റെ ഗുണഫലങ്ങൾ കർഷകരെ ബോധ്യപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

സംസ്ഥാനത്ത് കൃഷിവികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾക്കും അവയുടെ നടത്തിപ്പിനും കൂടുതൽ ഫലപ്രദമായ ഏകോപനം ആവശ്യമാണെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അഭിപ്രായപ്പെട്ടു. കാർഷികരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരുടെ പ്രായോഗികാനുഭവ സമ്പത്ത് പദ്ധതികൾക്ക് ദിശാബോധം നൽകുന്നുണ്ടെന്നും ശില്പശാലയിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ച ഡോ. ടി.എൻ. സീമ പറഞ്ഞു. **'സുജലം സുഫലം'** കൃഷി ഉപമിഷൻ പ്രവർത്തനങ്ങൾക്കുള്ള നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് ചർച്ച ചെയ്യാനും അന്തിമരൂപം തയ്യാറാക്കാനുമാണ് ശില്പശാല സംഘടിപ്പിച്ചത്. കൃഷി, മൃഗസംരക്ഷണം, വനം, സാമൂഹ്യ വനവത്കരണം, ക്ഷീരവികസനം, മണ്ണ് സംരക്ഷണം, ഭാരതീയ ചികിത്സാ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും മറ്റ് സാങ്കേതിക വിദഗ്ധരും ശില്പശാലയിൽ പങ്കെടുത്തു.

നീർത്തടാധിഷ്ഠിത വികസനം, കാർഷിക മേഖലയിലെ കീഴ്ത്തട്ടുമുതൽ മുകൾത്തട്ടുവരെ ഉള്ളവരെ ഉൾപ്പെടുത്തി ആസൂത്രണവും നിർവ്വഹണവും, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷിവികസനം, ഉത്തമ ജൈവകൃഷി വ്യാപനം, സമ്മിശ്ര കൃഷിയുടേയും സംയോജിത കൃഷിയുടേയും പ്രോത്സാഹനം, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര പരിപാലനവും മാലിന്യ സംസ്കരണവും തുടങ്ങിയ വിഷയങ്ങൾ ശില്പശാലയിൽ ചർച്ച ചെയ്തു.

**Sd/-**

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ